കേരള കാർഷിക സർവകലാശാല വാർത്തകൾ

(നവംബർ 09 –15, 2018)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651

e-mail: ccmannuthy@kau.in, Phone:0487-2370773)

**No. C3/4/2018- 47** **Dt. 08.11. 2018**

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

കാലാവസ്ഥ വ്യതിയാനം മൂലം നെല്ലിലെ രോഗ കീടബാധ ഈ സമയത്ത് കൂടുവാനിടയുണ്ട്. രോഗങ്ങളേയും കീടങ്ങളേയും ചെറുക്കാനായി നെൽപ്പാടങ്ങളിൽ ജൈവവളപ്രയോഗം നടത്തുകയും ജൈവീക കീടനിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്യുക. നട്ട് ഒരുമാസം കഴിഞ്ഞ നെൽപ്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴു/തണ്ടുതുരപ്പൻപ്പുഴു എന്നിവയെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ മുട്ടക്കാർഡുകൾ വെയ്ക്കുക. ഒരേക്കറിന് രണ്ട് കാർഡ് എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ ആറോ എട്ടോ പ്രാവശ്യം പ്രയോഗിക്കണം. കീടബാധരൂക്ഷമാകാൻ ഇടയുള്ള പാടങ്ങളിൽ മുൻകരുതലായി വേപ്പിൻസത്തടങ്ങിയ കീടനാശിനികൾ നിർദ്ദേശാനുസരണം ഉപയോഗിക്കേണ്ടതാണ്. കതിരു വന്ന പാടങ്ങളിൽ വെള്ളം വറ്റിക്കുകയും പട്ടാളപ്പുഴുവിന്റെ ആകമണം ഉള്ളിടത്ത് വെള്ളം കയറ്റി നിർത്തുകയും വേണം.

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തണ്ടുതുരപ്പെനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

തെങ്ങിലെ കൊമ്പൻചെല്ലിയെ നിയന്ത്രിക്കുന്നതിനായി 250 ഗ്രാം മണലും 250 ഗ്രാം വേപ്പിൻ പിണ്ണാക്കും ചേർത്ത മിശ്രിതം തെങ്ങിന്റെ മണ്ടയിൽ കൂമ്പിന് ചുറ്റുമുള്ള രണ്ടോ മൂന്നോ ഓലക്കവിളുകളിൽ ഇട്ട് കൊടുക്കുന്നത് നല്ലതാണ്. ഇതിന് പകരം മൂന്നോ നാലോ പാറ്റ ഗുളികകൾ പൊടിച്ച് 200 ഗ്രാം മണലുമായി ചേർത്ത് 45 ദിവസത്തിലൊരിക്കൽ ഓലക്കവിളുകൾക്കിടയിൽ ഇട്ട് കൊടുക്കാം.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്.പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

മാവ് പൂത്ത് തുടങ്ങുന്ന സമയമാണിത്. പൂങ്കുലയിൽ നിന്നും ഇളം തണ്ടിൽ നിന്നും നീരൂറ്റി കുടിക്കുന്ന തുള്ളൻ പ്രാണികളുടെ ആക്രമണത്തിൽ പൂങ്കുലകൾ കരിയുന്നതിനും കണ്ണിമാങ്ങ ക്രമാതീതമായി പൊഴിയാനും സാധ്യതയുണ്ട്. ഇതിനെതിരെ മാലത്തയോൺ 2 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി 20 ഗ്രാം പഞ്ചസാര ചേർത്ത് തളിക്കേണ്ടതാണ്. മാവ് പൂത്ത് കായ് പിടിച്ചു തുടങ്ങുമ്പോൾ മുതൽ കെണി വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് 3 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാള

യൻകോടൻ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ട കെണി കളും കെട്ടിത്തൂക്കുന്നത് കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻ തോട്ട ത്തിന് 5 അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. ഒരു സീസൺ (3-4 മാസം) മുഴുവൻ ഈ കായീച്ചക്കെണി ഫലപ്രദമായിരിക്കും. കൂടുതൽ വിവര ങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

കശുമാവിന്റെ ഒരു പ്രധാന ശത്രുവാണ് തേയിലക്കൊതുക്. ഈ കീടത്തി നെതിരെ മരങ്ങൾ തളിരിടുന്നതു മുതൽ കായ് പിടിച്ചു തുടങ്ങുന്ന ഘട്ടം വരെ യുള്ള മാസങ്ങളിൽ (സെപ്റ്റംബർ - ഫെബ്രുവരി) മൂന്നു പ്രാവശ്യമെങ്കിലും വേപ്പിൻസത്തടങ്ങിയ കീടനാശിനി രൂപികകൾ തളിക്കേണ്ടതാണ്.

ജാതിയിലെ ഇല കൊഴിച്ചിൽ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം കൊസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. കൂടാതെ ഒരു വലിയ മരത്തിന് 20 ഗ്രാം ബോറാക്സ് എന്ന തോതിൽ ജാതിയുടെ ചുവട്ടിൽ ഇട്ടു കൊടുക്കുക.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കാർഷിക സർവ്വകലാശാലയുടെ ത്രൈമാസികയായ കല്പധേനുവിന്റെ സെപ്റ്റംബർ ലക്കവും വില്പനയ്ക്കുണ്ട്. ഈ മാസികയുടെ വരിക്കാർ ആവാൻ താൽപര്യ മുള്ളവർ 9447789728 / 9605612478 എന്ന നമ്പറിൽ ബന്ധപ്പെടേതാണ്..

ഒപ്പ്/-
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ